വേതനവും പെൻഷനും സ്വീകരിക്കുന്നവർ

16 (2729) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാരിൽ നിന്നും വേതനം സ്വീകരിക്കവേ തന്നെ പെൻഷനും സ്വീകരിക്കുന്നവർക്ക് പെൻഷൻ ഇനത്തിൽ പ്രതിമാസം എന്തു തുക നൽകുന്നുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്താമോ ;

(ബി) പെൻഷൻ പറ്റിയവർ പുനർനിയമനം നേടിയാൽ ശമ്പളത്തോടൊപ്പം പെൻഷനും നൽകണമെന്ന് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ : എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ജി. ഒ. (പി) 1088/98/ധന തീയതി 23-3-98, ജി.ഒ. (പി) 201/99/ധന. തീയതി 16-1-1999 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പമുണ്ട്.

മരണമടയുന്ന ഫാമിലി പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികയും ഡി.എ.യും

17 (2730) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫാമിലി പെൻഷൻകാർ മരണമടയുന്ന തീയതിവരെ അർഹമായ പെൻഷൻ കുടിശ്ശികയും ഡി.എ. കുടിശ്ശികയും അവരുടെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിന് നിലവിലുള്ള നിയമം എന്താണ് ;

(ബി) യഥാസമയം ഡി.എ. അനുവദിക്കാത്ത സാഹചര്യത്തിലും, മറ്റ് കുടിശ്ശികകൾ ഉള്ളപ്പോഴും മരണമടയുന്ന ഫാമിലി പെൻഷൻകാരുടെ അർഹമായ കുടിശ്ശിക ആശ്രിതർക്ക് ലഭ്യമാക്കുന്നതിന് നോമിനേഷൻ സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഫാമിലി പെൻഷണർ മരണമടഞ്ഞാൽ തുടർന്ന് ഫാമിലി പെൻഷൻ ലഭിക്കുന്നതിന് അർഹതപ്പെട്ട അവകാശിയുണ്ടെങ്കിൽ ആ അവകാശിക്ക് മാത്രമേ മരണമടഞ്ഞ ഫാമിലി പെൻഷണറുടെ ജീവിതകാല കുടിശ്ശിക ലഭ്യമാകൂ. പെൻഷൻ റിവിഷൻ, ഡി.ആർ. റിവിഷൻ എന്നിവയുടെ കുടിശ്ശിക നൽകുന്ന കാര്യത്തിൽ വ്യക്തമായ വ്യവസ്ഥകൾ നിയമത്തിലില്ല.

(ബി) ഇക്കാര്യം പരിശോധിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly